# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 7566 15/07/2014ൽ മറുപടിക്ക്

**<u>സർക്കാർ വകുപ്പുകളുടെ പ്രവർത്തനങ്ങൾ നിയമസഭാസമാജികരെ യഥാസമയം അറിയിക്കാൻ സംവിധാനം</u>**

| ചോദ്യം : | ഉത്തരം : |
|---|---|
| ശ്രീ. എസ്.ശർമ്മ | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) എം.എൽ.എ.മാർ മുഖേന വിവിധ വകുപ്പുതല ഉദ്യോഗസ്ഥർക്ക് നൽകുന്ന അപേക്ഷകളിൽ സ്വീകരിച്ച നടപടി, മണ്ഡലത്തിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾ, അവ സംബന്ധിച്ച സർക്കാർ ഉത്തരവുകൾ എന്നിവ അതത് എം.എൽ.എ. മാരെ യഥാസമയം അറിയിക്കുന്നതിന് നിലവിൽ സംവിധാനമുണ്ടോയെന്ന് വ്യക്തമാക്കുമോ ; | (എ)യും (ബി)യും<br><br>എം.പി/എം.എൽ.എ.മാരിൽ നിന്നും ലഭിക്കുന്ന നിവേദനങ്ങൾ/കത്തുകൾ എന്നിവയ്ക്ക് മുന്തിയ പരിഗണന നൽകേണ്ടതും ഇത്തരം കത്തുകൾ ലഭിച്ചതായുള്ള വിവരം കാണിച്ച് താത്ക്കാലിക മറുപടിയും തീരുമാനമെടുത്ത ശേഷം അക്കാര്യം വിശദമാക്കിക്കൊണ്ട് അന്തിമ മറുപടിയും ജനപ്രതിനിധികൾക്ക് നൽകേണ്ടതാണ് എന്ന് 26.06.13-ലെ സർക്കുലർ നമ്പർ 11743/ഉപ.സി3/13/ഉഭപവ പ്രകാരം സർക്കാർ എല്ലാ വകുപ്പു മേധാവികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതു കൂടാതെ വിവിധ നിയോജക മണ്ഡലങ്ങളിൽ നടപ്പാക്കുന്ന വിവിധ പദ്ധതികളുടെയും നിർമ്മാണ പ്രവർത്തനങ്ങളുടെയും നിജസ്ഥിതി സ്ഥലം എം.എൽ.എ.മാരെ സമയബന്ധിതമായി അറിയിക്കണമെന്നും വിവിധ പ്രോജകട്ടുകൾക്ക് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ നൽകിക്കൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ പകർപ്പ് ബന്ധപ്പെട്ട എം.എൽ.എ.മാർക്ക് കൂടി നൽകണമെന്നും നിർദ്ദേശിച്ച് സർക്കാർ സർക്കുലറുകളും ഉത്തരവുകളും പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) ഇല്ലെങ്കിൽ ഇതിനുള്ള നടപടി സ്വീകരിക്കുമോ ? | |

**സെക്ഷൻ ഓഫീസർ**